# പതിനൊന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## ചോദ്യോത്തരങ്ങൾ – സംഗ്രഹം

2003 ഫെബ്രുവരി 21, വെള്ളി

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

65 (*267) ഇലക്ട്രോണിക് മീറ്ററുകളുടെ തകരാറുമൂലം വരുന്ന ബുദ്ധിമുട്ടുകൾ

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ) നൽകിയ മറുപടിയിൽ, ഇലക്ട്രോണിക് മീറ്ററുകളുടെ തകരാറുമൂലം ഭീമമായ വൈദ്യുതി ചാർജ് വർദ്ധന വരുന്നതായി പരാതി ലഭിച്ചാൽ അവ പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണെന്ന് സഭയെ അറിയിച്ചു. ചെറിയ പരാതികൾ ഇലക്ട്രിസിറ്റി ബോർഡിൽത്തന്നെ പരിഹരിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. സെൻട്രൽ ഗവൺമെന്റിന്റേയും ആർ.ഇ.സി. യുടേയും ഡയറക്ഷനനുസരിച്ചാണ് സംസ്ഥാനത്ത് ഇലക്ട്രോണിക് മീറ്ററുകൾ സ്ഥാപിച്ചത്. ഈ ഗവൺമെന്റ് ലോവസ്റ്റ് റേറ്റ് കോട്ട് ചെയ്യുന്ന കമ്പനിക്ക് മാത്രമേ ഓർഡർ കൊടുക്കുകയുള്ളു എന്നു തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 900 രൂപ യുണ്ടായിരുന്ന മീറ്ററിന്റെ വില 400 രൂപയ്ക്ക് താഴെ വരെ കുറഞ്ഞിട്ടുണ്ടെന്ന് മാത്രമല്ല അവയ്ക്ക് 10 വർഷത്തെ ഗ്യാരന്റിയുമുണ്ട്. തകരാറു വന്നാൽ പരിഹരിക്കാനുള്ള സംവിധാനവുമുണ്ട്. 7 ലക്ഷത്തോളം ഫാൾട്ടി മീറ്ററുകൾ മാറ്റിവച്ചിട്ടുണ്ട്. ബാക്കിയുള്ളവ മൂന്നു മാസത്തിനുള്ളിൽ മാറ്റിവയ്ക്കുന്നതാണ്. ഈ സർക്കാർ വന്നശേഷം ഏകദേശം അഞ്ചു ലക്ഷത്തോളം കണക്ഷനുകൾ കൊടുത്തിട്ടുണ്ട്. ഇനിയും കണക്ഷനുവേണ്ടിയുള്ള

അപേക്ഷകളുണ്ട്. ഓരോ ജില്ലയിലും കൊടുക്കുന്ന കണക്ഷനെ സംബന്ധിച്ച് എല്ലാ മാസവും ചീഫ് എൻജിനീയറുമായി ചർച്ച ചെയ്ത് റിവ്യൂ ചെയ്യുന്നുണ്ട്. മൂന്നു മാസത്തിനുള്ളിൽ എല്ലാ അപേക്ഷകർക്കും കണക്ഷൻ കൊടുക്കാൻ സാധിക്കുന്നതാണ്. പണം അടച്ച പഞ്ചായത്തു പദ്ധതികൾക്കും എം.എൽ.എ./എം.പി.ഫണ്ട് മുഖേനയുള്ള പദ്ധതികൾക്കും അടിയന്തിരമായി വൈദ്യുതി കണക്ഷൻ കൊടുക്കുന്നതാണ്. പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിലെ വൈദ്യുതീകരണത്തിന് മുൻഗണന കൊടുക്കുന്നുണ്ട്. സാമ്പത്തിക പ്രതിസന്ധി യുണ്ടെങ്കിലും ഇപ്പോൾ എല്ലാ മെറ്റീരിയൽസും കൊടുക്കാൻ ഓർഡർ കൊടുത്തിട്ടുണ്ട്. 2003–2004 –ൽ എല്ലാ സെക്ഷനുകളിലെ ബില്ലിംഗും കളക്ഷനും പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുന്നതോടുകൂടി വൈദ്യുതി ചാർജ് അടയ്ക്കുന്നതിനുള്ള ബുദ്ധിമുട്ട് ഒഴിവാകുന്നതാണ്. ബോർഡ് ആഫീസുകളിൽ രാവിലെ ഏഴു മണി മുതലും വൈകുന്നേരം അഞ്ചു മണിക്കുശേഷവും വൈദ്യുതി ചാർജ് അടയ്ക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

66 (* 268) <u>സുസുക്കി എഞ്ചിനുകൾ ഇറക്കുമതി ചെയ്തതിലെ ക്രമക്കേടുകൾ</u>

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ.വി. തോമസ്) നൽകിയ മറുപടിയിൽ, മത്സ്യഫെഡ് ജപ്പാനിൽ നിന്നും സുസുക്കി എഞ്ചിനുകൾ ഇറക്കുമതി ചെയ്തതിനെ സംബന്ധിച്ച് ഫിഷറീസ് സഹകരണസംഘം രജിസ്ട്രാർ 1969–ലെ കേരള സഹകരണ നിയമത്തിലെ 66–ാം വകുപ്പുപ്രകാരം നടത്തിയ പ്രാഥമിക പരിശോധനയിൽ ക്രമക്കേടുകൾ നടന്നതായി കണ്ടെത്തിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ഫിഷറീസ് ഡയറക്ടർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിശദമായ പരിശോധന നടന്നുവരുകയാണ്. ഇതിനെക്കുറിച്ച് വിജിലൻസ് അന്വേഷണം നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ക്രമക്കേടിന് ഉത്തരവാദി കളായവരുടെ പേരിൽ കർശന നടപടിയെടുക്കുന്നതാണ്. മത്സ്യഫെഡ് ഭരണസമിതിയുടെ അംഗീകാരമില്ലാതെയും ചില തീരുമാനങ്ങൾ ലംഘിച്ചുകൊണ്ടുമാണ് സുസുക്കി എഞ്ചിനുകൾ വാങ്ങാൻ ചില ഉദ്യോഗസ്ഥർ നടപടികൾ സ്വീകരിച്ചിട്ടുള്ളത് എന്ന

റിപ്പോർട്ടുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. 2001–2002–ൽ 117.14 ലക്ഷം രൂപയ്ക്ക് 9.9 എച്ച്.പി. യുള്ള 240 എഞ്ചിനും 2002–2003–ൽ 256.64 ലക്ഷം രൂപയ്ക്ക് 9.9 എച്ച്.പി. യുള്ള 480 എഞ്ചിനുമാണ് വാങ്ങിയത്. (ഇൻവോയ്സ് വില, ഇറക്കുമതി ചുങ്കം, കപ്പൽചാർജ്, ക്ലിയറിംഗ് ചാർജ് തുടങ്ങിയ ചെലവുകൾ ഉൾപ്പെടുത്തി മത്സ്യഫെഡ് നിശ്ചയിച്ചിട്ടുള്ള താണ് ഈ വില.) ജപ്പാനിലെ സുസുക്കി മോട്ടോർ കോർപ്പറേഷൻ എന്ന കമ്പനിയിൽ നിന്നും ചെന്നൈ ആസ്ഥാനമായി പ്രവർത്തിക്കുന്നതും സുസുക്കി മോട്ടോർ കോർപ്പറേഷന്റെ ഇൻഡ്യയിലെ ഡീലർമാരുമായ മെസേഴ്സ് ഹൈഡ്രെ ഇംപാക്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം വഴിയാണ് എഞ്ചിനുകൾ വാങ്ങിയത്. ഈ ഇടപാടിൽ മത്സ്യഫെഡിന് 61 ലക്ഷത്തിലധികം രൂപ ലഭിക്കുവാനുള്ളതായി പ്രാഥമിക പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. വിവിധ ഇനങ്ങളിൽ മത്സ്യഫെഡിന് ലഭിക്കേണ്ട കൃത്യമായ തുകയെ സംബന്ധിച്ച് പരിശോധിച്ചുവരുകയാണ്. അന്തിമ റിപ്പോർട്ട് ലഭിച്ചാൽ മാത്രമേ ഉത്തരവാദികൾ ആരൊക്കെയാണെന്ന് കണ്ടെത്താൻ കഴിയുകയുള്ളൂ. പ്രാഥമിക പരിശോധനയിൽ ക്രമക്കേടിന് ഉത്തരവാദികളെന്ന് കണ്ടെത്തിയ മത്സ്യഫെഡ് ജനറൽ മാനേജർ, എക്സിക്യൂട്ടീവ് (മാർക്കറ്റിംഗ്) ഇൻചാർജ് എന്നിവരെ അന്വേഷണവിധേയമായി സർവീസിൽനിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ട്. സുസുക്കി ഔട്ട്ബോർഡ് എഞ്ചിനുകൾക്ക് സർവീസ് ചാർജ് ഏർപ്പെടുത്തിയ കാര്യവും അന്വേഷിക്കുന്നുണ്ടെന്ന് ഒരു ഉപചോദ്യത്തിനു മറുപടിയായി മന്ത്രി വ്യക്തമാക്കി.

(ചോദ്യകർത്താക്കളുടെ അഭാവത്തിൽ നക്ഷത്രചിഹ്നമിട്ട 269–ാം നമ്പർ ചോദ്യം ഉന്നയിച്ചില്ല.)

### 67 (*270) വിനോദസഞ്ചാര കേന്ദ്രങ്ങളിലെ പരിസ്ഥിതി പ്രശ്നങ്ങളും സാമൂഹ്യപ്രശ്നങ്ങളും തടയുവാൻ സംവിധാനം

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സംജാതമായിട്ടുള്ള പരിസ്ഥിതി പ്രശ്നങ്ങളും സാമൂഹ്യപ്രശ്നങ്ങളും തടയുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും അന്തരീക്ഷമലിനീകരണ നിർമ്മാർജ്ജന ബോർഡും നടപടികളെടുത്തിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. കോവളം, ശംഖുമുഖം, പൊൻമുടി, വർക്കല എന്നിവിടങ്ങളിൽ ശുചീകരണത്തിനായി ടൂറിസം വകുപ്പ്

കരാറടിസ്ഥാനത്തിൽ ഏജൻസികളെ നിയോഗിച്ചിട്ടുണ്ട്. കേരളത്തിലെ പ്രധാനപ്പെട്ട ടൂറിസം കേന്ദ്രങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് അഡ്മിനിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റ് ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. പോർട്ട് കൊച്ചി, മട്ടാഞ്ചേരി, കുമ്പളങ്ങി എന്നീ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെക്കൊണ്ട് ശുചീകരണ പ്രവൃത്തികൾ ചെയ്യിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ കോളേജുകളിലും പ്ലസ് ടു സ്കൂളുകളിലും ടൂറിസ്റ്റു ക്ലബ്ബുകൾ ആരംഭിച്ച് അവയുടെ സഹായത്തോടുകൂടി ടൂറിസ്റ്റു കേന്ദ്രങ്ങളിൽ ബോധവൽക്കരണ ക്യാമ്പുകൾ നടത്തി പരിസ്ഥിതി പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ ശ്രമിക്കുന്നതാണ് . കേരളത്തെ പ്ലാസ്റ്റിക് ഫ്രീ സ്റ്റേറ്റാക്കണമെന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ലക്ഷ്യം നടപ്പിലാകുന്നതോടുകൂടി ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ പ്ലാസ്റ്റിക് സാധനങ്ങൾ മൂലമുണ്ടാകുന്ന പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകുന്നതാണ്. ആക്കുളം കായലിന്റേയും സമീപ പ്രദേശങ്ങളുടേയും ശുചീകരണ പ്രവർത്തനങ്ങൾക്ക് ജലസേചന വകുപ്പ് തദ്ദേശ സ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട് പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുണ്ട്. ടൂറിസം കേന്ദ്രങ്ങളിലെ പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കുടുംബശ്രീ യൂണിറ്റുകളുടെ സഹായം പ്രയോജനപ്പെടുന്നുണ്ട്. സാമൂഹ്യ പ്രശ്നങ്ങൾ തടയാൻ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ടൂറിസം പോലീസിനെ നിയോഗിച്ചിട്ടുണ്ട്. കൂടുതൽ ടൂറിസം പോലീസിനെ നിയോഗിക്കുന്നതിന് ആഭ്യന്തര വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ടൂറിസം ഇൻഫർമേഷൻ സെന്ററുകളിലും ടൂറിസം പോലീസിന്റെ എയ്ഡ് പോസ്റ്റുകളിലും ലഭിക്കുന്ന വിദേശ ടൂറിസ്റ്റുകളുടേയും മറ്റും പരാതികൾ കാലാകാലങ്ങളിൽ പരിശോധിക്കുന്നുണ്ട്.. അനധികൃത ആയുർവേദ മസാജ് കേന്ദ്രങ്ങളെ നിയന്ത്രിക്കാൻ തദ്ദേശ സ്വയംഭരണ വകുപ്പും ആരോഗ്യ വകുപ്പും നടപടികൾ സ്വീകരിക്കുന്നുണ്ട്. അംഗീകാരമുള്ള ആയുർവേദ മസാജ് കേന്ദ്രങ്ങളെക്കുറിച്ച് പ്രചരണം നടത്തുന്നുണ്ട്.. മികച്ച വിനോദസഞ്ചാര വൈഭവത്തിന് സ്പെസഫിക് ഏഷ്യാ ട്രാവൽ അസോസിയേഷന്റെ പുരസ്കാരം ലഭിച്ച ഏക ഇൻഡ്യൻ സംസ്ഥാനം കേരളമാണെന്ന് ഒരു ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

**രേഖാമൂലം നൽകിയ ഉത്തരങ്ങൾ**

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാനത്തെ മൽസ്യ സമ്പത്തിന്റെ സംരക്ഷണവും വിവേകപൂർണ്ണമായ ചൂഷണവും ഉറപ്പാക്കുന്നതിനായി 1980–ലെ കേരള കടൽ മൽസ്യബന്ധന നിയന്ത്രണ നിയമം കൂടുതൽ കർശനമായി നടപ്പാക്കുന്നതോടൊപ്പം അടുത്ത 25 കൊല്ലത്തേയ്ക്കുള്ള പരിപാടികൾ ഉൾക്കൊള്ളിച്ചുകൊണ്ട് സമഗ്ര മൽസ്യബന്ധന വികസന നയം രൂപീകരിക്കുന്നതുമാണെന്നറിയിച്ചു.

69 (*281) <u>മൽസ്യത്തൊഴിലാളി ഗ്രാമങ്ങൾ</u>

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പു മന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാനത്തെ 222 മൽസ്യത്തൊഴിലാളി ഗ്രാമങ്ങളിൽ 87–ലും പ്രൊട്ടക്റ്റഡ് വാട്ടർ സപ്ലൈ സംവിധാനം നടപ്പിലാക്കിവരുന്നുണ്ടെന്നറിയിച്ചു.

70 (*282) <u>സംയോജിത മൽസ്യകൃഷി</u>

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, ''അഡാക്'' മുഖേന നടപ്പാക്കുന്ന കുട്ടനാട് സമഗ്ര ജലകൃഷി വികസന പദ്ധതി പ്രകാരം ആലപ്പുഴ, കോട്ടയം, പത്തനംതിട്ട എന്നീ ജില്ലകളിലെ കാവാലം, പുളിങ്കുന്ന്, ചമ്പക്കുളം, തലയഴ, മൂട്ടാർ, കുമരകം, നീലമ്പേരൂർ, രാമങ്കരി എന്നീ പഞ്ചായത്തുകളിൽ സംയോജിത മൽസ്യകൃഷി നടപ്പിലാക്കിയിട്ടുണ്ടെന്നറിയിച്ചു. കൂടാതെ തൃശ്ശൂർ, മലപ്പുറം ജില്ലകളിലെ 3000 ഹെക്ടർ വരുന്ന കോൾ നിലങ്ങളിലും കുട്ടനാട്ടിലെ 1000 ഹെക്ടർ വരുന്ന പാടശേഖരങ്ങളിലും ''അഡാക്'' മുഖേന ഈ പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ട്.

71 (*287) <u>വിനോദ സഞ്ചാര മേഖലയിൽ വ്യവസായ സംരംഭകർക്കും നിക്ഷേപകർക്കുമുള്ള ആനുകൂല്യങ്ങൾ</u>

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പു മന്ത്രി നൽകിയ ഉത്തരത്തിൽ,അംഗീകൃത ടൂറിസം പ്രോജക്ടുകൾക്ക് മൊത്തം മുതൽ മുടക്കിന്റെ 10 ശതമാനം (10 ലക്ഷം രൂപ വരെ) സബ്സിഡിയായും വൈദ്യുതി നിരക്കിൽ ഇളവുകളും നൽകുന്നതു കൂടാതെ ഗൃഹസ്ഥലി

മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾക്കും സൗകര്യങ്ങൾക്കുമുള്ള നിക്ഷേപത്തിന്റെ 15 ശതമാനം (5 ലക്ഷം രൂപ വരെ) സബ്സിഡി, 50 കോടിയിൽപ്പരം മൂലധന നിക്ഷേപമുള്ള പദ്ധതികൾക്കും ടൂറിസത്തിലും അടിസ്ഥാന സൗകര്യ വികസനത്തിലുമുള്ള വിദേശ നിക്ഷേപത്തിനും പ്രത്യേക ഇൻസെന്റീവുകൾ തുടങ്ങിയ പ്രോൽസാഹന പദ്ധതികളും നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ട്. വിനോദ സഞ്ചാര മേഖലയിൽ പുതുതായി വ്യവസായം തുടങ്ങാൻ താൽപര്യമുള്ളവർക്ക് ടി.എഫ്.സി.ഐ., കെ.എഫ്.സി., കെ.എസ്.ഐ.ഡി.സി., പൊതുമേഖലാ ബാങ്കുകൾ, കോ–ഓപ്പറേറ്റീവ് ബാങ്കുകൾ എന്നീ ധനകാര്യ ഏജൻസികൾ വായ്പാ സൗകര്യങ്ങൽ നൽകി വരുന്നുണ്ട്.

72 (*293) തീരസമൃദ്ധി പദ്ധതി

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പു മന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാനത്തിന്റെ തീരദേശ ജില്ലകളിലെ മൽസ്യത്തൊഴിലാളി ഗ്രാമങ്ങളിൽ ഗൃഹശുചീകരണം, പരിസര ശുചീകരണം, സാമൂഹ്യ സഹകരണത്തോടെയുള്ള ശുദ്ധജല വിതരണം, മൽസ്യത്തൊഴിലാളി ഭവനങ്ങളുടെ നവീകരണം എന്നിവയാണ് തീര സമൃദ്ധി പദ്ധതി കൊണ്ടുദ്ദേശിക്കുന്നതെ

ന്നറിയിച്ചു.

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ**

80 (1584) വൈദ്യുതി ഉൽപ്പാദനം

കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 538.10 മെഗാവാട്ട് വൈദ്യുതി അധികമായി ഉൽപ്പാദിപ്പിച്ചിട്ടുണ്ട്.

81 (1590) വൈദ്യുതി ഉൽപ്പാദിപ്പിക്കുവാനുള്ള ജലസംഭരണികളിലെ ജലം

2003 ജനുവരി 31–ന് സംസ്ഥാനത്തെ ജലസംഭരണികളിലുള്ള 1002.59 മില്യൻ ക്യൂബിക് മീറ്റർ ജലമുപയോഗിച്ച് 1140.15 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ കഴിയും.

82 (1595) <u>ജലവൈദ്യുത പദ്ധതികളുടെ വിപുലീകരണം</u>

അധിക ഉൽപ്പാദനം ലക്ഷ്യമാക്കി കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ സ്കീം (100 മെ.വാ.), നേര്യമംഗലം എക്സ്റ്റൻഷൻ സ്കീം (25 മെ.വാ.), പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം (40 മെ.വാ.)എന്നിവ വിപുലീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതുവഴി 185 മെ.വാ. വൈദ്യുതിയാണ് പ്രതീക്ഷിക്കുന്നത്.

83 (1597) <u>ഹൈഡൽ ടൂറിസം പദ്ധതികൾ</u>

മൂന്നാർ, മാട്ടുപ്പെട്ടി, കുണ്ടള, ഇടുക്കി എന്നീ സ്ഥലങ്ങളിൽ ഹൈഡൽ ടൂറിസം പദ്ധതി നടപ്പിലാക്കിയതുവഴി 1,14,50,000 രൂപയോളം വരവുണ്ടായിട്ടുണ്ട്.

84 (1605) <u>എ.പി.ഡി.ആർ.പി. പദ്ധതി</u>

എ.പി.ഡി.ആർ.പി. പദ്ധതിയുടെ പ്രയോജനം കാസർഗോഡ്, മഞ്ചേരി, പത്തനംതിട്ട എന്നീ ഇലക്ട്രിക്കൽസർക്കിളുകൾക്കാണ് ലഭിക്കുന്നത്. കൂടാതെ തിരുവനന്തപുരം, അർബൻ, കൊല്ലം, ആലപ്പുഴ, എറണാകുളം, കോഴിക്കോട്, കണ്ണൂർ, തലശ്ശേരി എന്നീ നഗരപ്രദേശങ്ങളെയും ഈ വർഷം ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം പ്രതിവർഷം 122 കോടി രൂപയുടെ വൈദ്യുതി നഷ്ടം ഒഴിവാക്കാൻ സാധിക്കും.

85 (1612) <u>ഗാർഹികാവശ്യത്തിനായുള്ള വൈദ്യുതി കണക്ഷൻ</u>

ഗാർഹികാവശ്യത്തിന് വൈദ്യുതിക്കായി 31.12.2001 വരെ രജിസ്റ്റർ ചെയ്തിട്ടുള്ള വെതർ പ്രൂഫ് കണക്ഷനുകളും 31-12-2000 വരെ രജിസ്റ്റർ ചെയ്തിട്ടുള്ള ഓവർഹെഡ് കണക്ഷനുകളും ഇപ്പോൾ നൽകിവരുന്നുണ്ട്.

86 (1618) <u>വൈദ്യുതി കണക്ഷന് അപേക്ഷിച്ചവർ</u>

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വൈദ്യതി കണക്ഷനുവേണ്ടി ലഭിച്ച 6,70,861 അപേക്ഷകളിൽ 5,58,175 എണ്ണത്തിന് കണക്ഷൻ നൽകിയിട്ടുണ്ട്.

87 (1621) <u>കേടുവന്ന വൈദ്യതി മീറ്ററുകൾ</u>

സംസ്ഥാനത്തെ 640000 ഗാർഹിക ഉപഭോക്താക്കളുടെ വൈദ്യുത മീറ്ററുകൾ കേടായി കിടക്കുന്നുണ്ട്.

88 (1660) <u>വർഷ പദ്ധതി</u>

സംസ്ഥാനത്ത് തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, എറണാകുളം എന്നീ ജില്ലകളിലാണ് വർഷ .പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നത്.

89 (1708) <u>ഫിഷറീസ് വകുപ്പു മുഖേനയുള്ള ഭവനനിർമ്മാണ പദ്ധതി</u>

ഫിഷറീസ് വകുപ്പു നടപ്പിലാക്കുന്ന സംപൂർണ്ണ ഭവനനിർമ്മാണ പദ്ധതി പ്രകാരം ഈ വർഷം 1500 പേർക്ക് 40,000 രൂപ വീതം നൽകാനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

90 (1710) <u>മൽസ്യത്തൊഴിലാളി ക്ഷേമനിധി പദ്ധതി</u>

സംസ്ഥാനത്തെ മൽസ്യത്തൊഴിലാളി ക്ഷേമനിധിയിൽ, 2,67,664 പേർ (2,24,589 മൽസ്യത്തൊഴിലാളികളും 43075 അനുബന്ധതൊഴിലാളികളും) അംഗങ്ങളായിട്ടുണ്ട്.

91 (1715) <u>ടൂറിസം വികസനത്തിനു ലഭിച്ച കേന്ദ്ര സഹായം</u>

സംസ്ഥാന ടൂറിസം വികസനത്തിന് 2001–2002–ൽ 3,25,48,221 രൂപയും 2002–2003–ൽ 10,40,06,198 രൂപയും കേന്ദ്രത്തിൽനിന്നും ലഭിച്ചിട്ടുണ്ട്.

92 (1725) <u>ബിയർ പമ്പുകൾ</u>

വിനോദസഞ്ചാര വികസന കോർപ്പറേഷൻ കേരളത്തിലെ പ്രധാന സ്ഥലങ്ങളിൽ ബിയർ പമ്പുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

93 (1746) <u>പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന പദ്ധതികൾ</u>

പിന്നോക്ക വിഭാഗങ്ങൾക്കും മതന്യൂന പക്ഷങ്ങൾക്കും 5 ലക്ഷം രൂപവരെയുള്ള സ്വയം തൊഴിൽ സംരംഭത്തിനുള്ള വായപാ പദ്ധതി, ഈ വിഭാഗത്തിലെ വനിതകൾക്ക് സ്വയം തൊഴിൽ സംരംഭത്തിന് പരമാവധി 25,000 രൂപ വരെ സന്നദ്ധ സംഘടനകൾ വഴി നല്കുന്ന ലഘുവായ്പാ പദ്ധതി, മറ്റ് പിന്നോക്ക വിഭാഗത്തിലെ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള വനിതകൾക്ക് 50,000 രൂപ വരെയുള്ള പ്രത്യേക സ്വയം തൊഴിൽ വായ്പാ പദ്ധതി, മറ്റ് പിന്നോക്ക വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പരമാവധി 1.5 ലക്ഷം രൂപ വരെയുള്ള വിദ്യാഭ്യാസ പദ്ധതി, ഈ വിഭാഗത്തിലെ പെൺകുട്ടികൾക്ക് പരമാവധി 30,000 രൂപ വരെയുള്ള വിവാഹ സഹായ പദ്ധതി, ഒ.ബി.സി. ഉദ്യോഗസ്ഥർക്ക് പരമാവധി 50,000 രൂപവരെയുള്ള ഇരുചക്രവാഹന വായ്പാ പദ്ധതി, ഒ.ബി.സി. വിദ്യാർത്ഥികൾക്ക് 50,000 രൂപവരെയുള്ള കമ്പ്യൂട്ടർ വായ്പാ പദ്ധതി, ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട വിദേശത്തു ജോലി തേടിപ്പോകുന്നവർക്ക് 30,000 രൂപ വരെയുള്ള വായ്പാ പദ്ധതി എന്നിവയാണ് കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന പ്രധാനപ്പെട്ട പദ്ധതികൾ.

. . . . . . . . . . . . . . . .